**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 443** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>വിജിലൻസ് മാന്വൽ പരിഷ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ശക്തൻ

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. എം. ആർ. ബൈജു

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കേസന്വേഷണത്തിലും ഉദ്യോഗസ്ഥ നിയമനങ്ങളിലും അടക്കം സംസ്ഥാനത്തെ വിജിലൻസ് വകുപ്പിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പൊതുജന പങ്കാളിത്തത്തോടെ സർക്കാർ ഉദ്യോഗസ്ഥർക്കും, പൊതുസേവകർക്കുമിടയിലെ അഴിമതി തടയുന്നതിനും സംസ്ഥാന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുമായി സമഗ്ര അഴിമതി നിർമ്മാർജ്ജന പദ്ധതിയായ 'പ്രോജക്ട് സീറോ'-യ്ക്ക് 26.05.2026-ൽ തുടക്കം കുറിച്ചു. പ്രോ-ആക്ടീവ് വിജിലൻസ്, പ്രിവന്റീവ് വിജിലൻസ്, ഡിജിറ്റൽ വിജിലൻസ്, പാർട്ടിസിപ്പേറ്റീവ് വിജിലൻസ് എന്നീ നാല് തൂണുകളിൽ അധിഷ്ഠിതമായ ഈ പദ്ധതിയിലൂടെ സമൂഹത്തിൽ നിന്ന് അഴിമതി പൂർണ്ണമായും തുടച്ചുനീക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

ഇതിന്റെ ഭാഗമായി ആവിഷ്ക്കരിച്ച 'വിജിലൻസ് കമാൻഡോസ് ബ്ലോ ദി വിസിൽ' ക്യാംപെയിന് 29.07.2026 തീയതി തുടക്കം കുറിച്ചു. “Gen Z for Integrity Kerala for Tomorrow" എന്ന ആശയത്തെ അടിസ്ഥാനമാക്കി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ 'വിജിലൻസ് കമാൻഡോസ്' ക്യാമ്പയിൻ രൂപകൽപന ചെയ്തിട്ടുണ്ട്. കോളേജുകളിൽ “ക്യാമ്പസ് അഴിമതി വിരുദ്ധ ക്ലബ്ബുകൾ” ആരംഭിക്കുകയും, യുവാക്കളെ വിജിലൻസ് കമാൻഡോകളായി തിരഞ്ഞെടുക്കുകയും ചെയ്തത് വലിയൊരു കാൽവെയ്പ്പാണ്. അഴിമതി കണ്ടാൽ അത് റിപ്പോർട്ട് ചെയ്യാൻ കണ്ടാൽ യുവതലമുറയെ പ്രാപ്തരാക്കുന്നതിനൊപ്പം അവരിൽ ധാർമ്മിക മൂല്യങ്ങൾ വളർത്താനും ഇത് സഹായിക്കുന്നു.

അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരുടെ ഡിജിറ്റൽ, സൈബർ വിവരങ്ങൾ ശേഖരിച്ച് Dossier and Suspected Officers Service Sheet Management System (DSMS)-ൽ ഉൾപ്പെടുത്തി അവരുടെ പ്രവർത്തനങ്ങൾ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നതാണ്. വിജിലൻസ് കേസുകളിലും, അന്വേഷണങ്ങളിലും ഉൾപ്പെട്ട അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സ്യൂട്ടിൽ ശേഖരിച്ച് തുടർച്ചയായി നിരീക്ഷിച്ച് വരുന്നുണ്ട്. സത്യസന്ധതയെയും, ഔദ്യോഗിക കൃത്യവിലോപത്തെയും കുറിച്ച് പരാതികളോ, സംശയങ്ങളോ നിലനിൽക്കുന്ന ഗസറ്റഡ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി, ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച ശേഷം ഒരു ‘Agreed List’ ഉം, ‘Officers of Doubtful Integrity (ODI)’ പട്ടികയും തയ്യാറാക്കി പരിപാലിക്കാനും പദ്ധതിയിടുന്നു.

ആഭ്യന്തര ഭരണം, അന്വേഷണങ്ങൾ, കേസുകളുടെ നടപടിക്രമങ്ങൾ എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, കാലാനുസൃതമായി കൂടുതൽ പ്രൊഫഷണലിസത്തോടെ പ്രവർത്തിക്കുന്നതിനും, ഉദ്യോഗസ്ഥരുടെ ധാർമ്മിക നിലവാരം ഉയർത്തുന്നതിനും വിജിലൻസ് മാനുവൽ പരിഷ്കരിച്ചു. 2018-ലെ അഴിമതി നിരോധന നിയമത്തിലെ ഭേദഗതിയുടെയും, 2024-ൽ പ്രാബല്യത്തിൽ വന്ന BNS, BNSS, BSA എന്നിവയുടെയും, മറ്റ് പ്രസക്തമായ കോടതി വിധികളുടെയും, ഡിജിറ്റൽ യുഗത്തിലെ നൂതന അഴിമതി പ്രവണതകളുടെയും അടിസ്ഥാനത്തിൽ വിജിലൻസിന്റെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് ആവശ്യമായ വ്യക്തമായ പ്രവർത്തന മാർഗനിർദ്ദേശങ്ങൾ, ഏകീകൃത പ്രവർത്തനക്രമങ്ങൾ (SOP), ധാർമ്മിക മാനദണ്ഡങ്ങൾ എന്നിവ പരിഷ്കരിച്ച മാനുവലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അർഹരായ മികച്ച ഉദ്യോഗസ്ഥരെ വിജിലൻസിൽ നിയമിക്കുന്നതിന്റെ ഭാഗമായി CPO മുതൽ ASI വരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് Aptitude Test നടത്തുന്നതിന് തീരുമാനിക്കുകയും, അപ്രകാരം ടെസ്റ്റ് നടത്തി യോഗ്യതയുള്ളവരെ കണ്ടെത്തി നിലവിൽ വിജിലൻസിൽ അഞ്ചുവർഷം പൂർത്തിയാകുന്ന ഉദ്യോഗസ്ഥർക്ക് പകരം നിയമിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** സംസ്ഥാനത്ത് ഇരുപത്തിനാല് വർഷത്തിനുശേഷം പരിഷ്കരിക്കുന്ന വിജിലൻസ് മാനുവലിൽ എന്തെല്ലാം പുതിയ മാറ്റങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

**മറുപടി:** വിജിലൻസിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് തങ്ങളുടെ ചുമതലകൾ ഫലപ്രദമായും, നിയമപരമായും നിർവ്വഹിക്കുന്നതിന് ആവശ്യമായ അറിവ്, നിയമ വ്യവസ്ഥകൾ, നടപടിക്രമങ്ങൾ എന്നിവ നൽകി അവരെ സജ്ജരാക്കുന്നതിനുള്ള ഒരു സമഗ്ര മാർഗദർശിയായാണ് കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിജിലൻസ് മാനുവൽ തയ്യാറാക്കിയിട്ടുള്ളത്. 2018-ലെ അഴിമതി നിരോധന നിയമത്തിലെ ഭേദഗതിയുടെയും, 2024-ൽ പ്രാബല്യത്തിൽ വന്ന BNS, BNSS, BSA എന്നിവയുടെയും, മറ്റ് പ്രസക്തമായ കോടതി വിധികളുടെയും, ഡിജിറ്റൽ യുഗത്തിലെ നൂതന അഴിമതി പ്രവണതകളുടെയും അടിസ്ഥാനത്തിൽ വിജിലൻസിന്റെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് ആവശ്യമായ വ്യക്തമായ പ്രവർത്തന മാർഗനിർദ്ദേശങ്ങൾ, ഏകീകൃത പ്രവർത്തനക്രമങ്ങൾ (SOP), ധാർമ്മിക മാനദണ്ഡങ്ങൾ എന്നിവ പരിഷ്കരിച്ച മാനുവലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിജിലൻസ് കേസുകളിന്മേലും, അന്വേഷണങ്ങളിന്മേലുമുള്ള നടപടികൾ പേപ്പർരഹിതവും, സുതാര്യവും, സമയബന്ധിതവുമാക്കുകയും, കൃത്യമായ മേൽനോട്ടവും, വ്യക്തമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങളെടുക്കുന്നതിനും സാധ്യമാക്കുകയും ചെയ്യുന്നതിലൂടെ വിജിലൻസ് പ്രവർത്തനങ്ങളിൽ സുതാര്യതയും, കാര്യക്ഷമതയും, ഉത്തരവാദിത്തവും വർദ്ധിപ്പിക്കുന്നതിനും, ആധുനിക വിവര-വിനിമയ സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി വേഗതയേറിയതും ജന സൗഹൃദപരവുമായ സേവനങ്ങൾ നൽകാനും, കേസുകളുടെയും, അന്വേഷണങ്ങളുടെയും മേൽനോട്ടം കാര്യക്ഷമമാക്കാനും, ആഭ്യന്തര ഭരണസംവിധാനങ്ങൾ ശക്തിപ്പെടുത്താനും സാധിക്കുന്നതരത്തിൽ സാങ്കേതികവിദ്യാധിഷ്ഠിത പ്രസ്ഥാനമായി ബ്യൂറോയെ മാറ്റുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പരിഷ്കരിച്ച മാനുവലിൽ പരാമർശിക്കുന്നു. മാനുവലിലെ വിവരങ്ങൾ തികച്ചും ഔദ്യോഗികവും, രഹസ്യാത്മക സ്വഭാവമുള്ളവയുമായതിനാൽ അതിലെ വിവരങ്ങൾ പൂർണ്ണമായും വെളിവാക്കുന്നത് ഉചിതമല്ല.

**(സി)** വിജിലൻസിൽ പരാതി നൽകാനും അതിന്റെ പുരോഗതി അറിയാനും പൊതുജനങ്ങൾക്കായി മൊബൈൽ ആപ്ലിക്കേഷൻ സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** പരാതി നൽകുന്നതിനായി വിജിലൻസ് നിലവിൽ സ്വന്തമായി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടില്ലെങ്കിലും, സംസ്ഥാന സർക്കാരിന്റെ 'നമ്മുടെ കേരളം' എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി പൊതുജനങ്ങൾക്ക് വിജിലൻസിലേയ്ക്ക് പരാതി നൽകാവുന്നതും, പരാതിയുടെ പുരോഗതി വിലയിരുത്താവുന്നതുമാണ്. അഴിമതി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം വിജിലൻസ് ആസ്ഥാനത്ത് അറിയിക്കുന്നതിലേക്കായി 1064 എന്ന ടോൾ - ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ അഴിമതി സംബന്ധമായ വിവരങ്ങൾ 9447789100 എന്ന നമ്പറിൽ വാട്ട്സാപ്പായി സ്വീകരിക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-മെയിലായും, 8592900900 എന്ന നമ്പറിലും വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിക്കുന്നു. സ്വീകരിക്കുന്നു. പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കുന്നതിനും, ആയത് വിശകലനം ചെയ്ത് തുടർ നടപടികൾ കൈക്കൊള്ളുന്നതിനുമായി ഒരു ഏകീകൃത പോർട്ടൽ വികസിപ്പിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**